റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) തുല്യമല്ല.

(ബി, സി) പുതിയ താലൂക്കുകളും, വില്ലേജുകളും രൂപീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നിരവധി നിവേദനങ്ങൾ ലഭിച്ചു വരുന്നുണ്ട്. ഇതു കണക്കിലെടുത്ത് സംസ്ഥാനത്തെ താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടന സംബന്ധിച്ച കാര്യങ്ങളെക്കുറിച്ചു പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ഏകാംഗമായി ഒരു കമ്മീഷനെ സർക്കാർ നിയമിച്ചിട്ടുണ്ട്.

(ഡി, ഇ) ഉണ്ട്. കമ്മീഷന്റെ നിർദ്ദേശങ്ങൾ ലഭിച്ചശേഷം ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ

*9 [129] ഡോ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. സി. കെ. നാണു:
,, കെ. പി. മോഹനൻ:
,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര സ്വാശ്രയ പ്രൊഫഷണൽ കോളേജുകളാണ് ഇതിനകം പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്;

(ബി) ഇവയിൽ എഞ്ചിനീയറിംഗ് കോളേജുകൾ എത്ര; മെഡിക്കൽ കോളേജുകൾ എത്ര; മറ്റുള്ളവ എത്ര;

(സി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ മൊത്തം എത്ര സീറ്റുകളാണുള്ളത്;

(ഡി) ഇവയിൽ എത്രയെണ്ണം ഈ വർഷം ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഏതൊക്കെ കോളേജുകളിൽ ഏതൊക്കെ വിഷയങ്ങളിലാണ് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) കേരളത്തിൽ ആകെ 196 സ്വാശ്രയ പ്രൊഫഷണൽ കോളേജുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) വിവിധ മേഖലകളിലുള്ള സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ എണ്ണം ഇപ്രകാരമാണ്:

(1)	എഞ്ചിനീയറിംഗ് കോളേജുകൾ	..	64
(2)	മെഡിക്കൽ കോളേജുകൾ	..	8
(3)	ഡെന്റൽ കോളേജുകൾ	..	6

LIBRARY ARCHIVES Kerala Legislative Assembly

(4)	ഫാർമസി കോളേജുകൾ	..	9
(5)	നഴ്സിംഗ് കോളേജുകൾ	..	28
(6)	ആയുർവ്വേദ കോളേജുകൾ	..	5
(7)	സിദ്ധ കോളേജ്	..	1
(8)	ബി.എഡ്. കോളേജുകൾ	..	34
(9)	എം.ബി.എ. സ്ഥാപനങ്ങൾ	..	29
(10)	എം.സി.എ. സ്ഥാപനങ്ങൾ	..	12

(സി) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെ 14,430 സീറ്റുകളാണുള്ളത്.

(ഡി) പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തിയ 50% സീറ്റുകളിൽ 1,461 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ഇ) വിവിധ കോളേജുകളിലായി ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.†

സർവ്വശിക്ഷാ അഭിയാൻ പദ്ധതി

*10 [130] ശ്രീ. എം. വി. ജയരാജൻ:
„ ടി. കെ. ബാലൻ:
„ എം. വി. ഗോവിന്ദൻ മാസ്റ്റർ:
„ രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വശിക്ഷാ അഭിയാൻ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടി സ്വീകരിച്ചു;

(ബി) ഈ പദ്ധതിപ്രകാരം കേന്ദ്ര ഗവൺമെന്റിൽനിന്നും ഇതുവരെ ലഭിച്ച ഫണ്ട് എത്ര;

(സി) സംസ്ഥാനം ഈ പദ്ധതിക്കായി എന്തു തുക വിഹിതം നൽകിയിട്ടുണ്ട്;

(ഡി) ഇത് ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് ചെലവഴിച്ചത്;

(ഇ) ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണ്;

(എഫ്) ഈ പദ്ധതികൾക്കായി എത്രപേരെ ട്രെയിനർമാരായി നിയമിച്ചിട്ടുണ്ട്;

(ജി) ട്രെയിനർ നിയമനത്തിന്റെ മാനദണ്ഡം എന്തായിരുന്നു;

(എച്ച്) ജില്ലാന്തര സ്ഥലംമാറ്റംവഴി ട്രെയിനർമാരെ നിയമിച്ചിട്ടുണ്ടോ;

(ഐ) ട്രെയിനർമാരായി സ്കൂളുകളിൽനിന്ന് നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് പകരം നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) (1) സംസ്ഥാനത്ത് പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് 10 വർഷത്തേക്കുള്ള ഒരു സമഗ്ര പദ്ധതി തയ്യാറാക്കി. ഈ പദ്ധതി രൂപരേഖ തയ്യാറാക്കിയത് താഴെ തട്ടിൽനിന്ന് (സ്കൂൾ തലം, പഞ്ചായത്ത് തലം, ബ്ലോക്ക് തലം, ജില്ലാ തലം) പൊതുജന പങ്കാളിത്തത്തോടെ രൂപപ്പെട്ടുവന്ന പദ്ധതികളുടെ സമഗ്രരേഖയാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly